

മങ്കട അസീസ് മൗലവിയുടെ എന്റെ സുഊദി കാഴ്ചകൾ ശിഹാബ് തങ്ങൾ പ്രകാശനംചെയ്യുന്നു. (ഫയൽചിത്രം)

# ശിഹാബ് തങ്ങൾ: മഹാനായ കർമയോഗി

ഓർമ

ഡോ. ഇ കെ അഹ്മദ്കുട്ടി

മുസ്‌ലിംലീഗിന്റെ അനിഷേധ്യനായ അമരക്കാരൻ, എല്ലാ മുസ്‌ലിം വിഭാഗങ്ങളുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയ സമുദായ നേതാവ്, ഐക്യജനാധിപത്യമുന്നണിയുടെ പ്രമുഖ സാരഥി, നിരവധി മഹല്ലുകളുടെ ഖാദി, ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും സമുദായ മൈത്രിയുടെയും ശക്തനായ വക്താവ്, മുസ്‌ലിംകളുടെ മാത്രമല്ല, എല്ലാ ജനവിഭാഗങ്ങളുടെയും ബഹുമാനമാർജിച്ച സമാദരണീയൻ, അറബി-ഇസ്‌ലാമിക പണ്ഡിതൻ....
അങ്ങനെ പലതുമായിരുന്നുവല്ലോ മർഹൂം പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ. എന്നാൽ, ഈ ബഹുമുഖത്വമായിരുന്നോ ആ വ്യക്തിത്വത്തിന്റെ യഥാർഥ മഹത്വം? അല്ല എന്നാണ് എന്റെ പക്ഷം. സത്യത്തിൽ, അദ്ദേഹത്തെ മഹാനാക്കിയത് അദ്ദേഹത്തിന്റെ നിർമലവും സ്വച്ഛവും സുതാര്യവും സ്നേഹസമ്പന്നവുമായ സ്വഭാവവും പെരുമാറ്റവുമായിരുന്നു. ഒരിക്കലെങ്കിലും അദ്ദേഹവുമായി ബന്ധപ്പെടാനവസരം ലഭിച്ച ആരും ഈ സ്വഭാവ വൈശിഷ്ട്യത്താൽ സ്വാധീനിക്കപ്പെടാതിരുന്നിട്ടില്ല. സ്നേഹവും സൗമനസ്യവും സൗഹാർദവും വിനയവും പ്രസരിപ്പിക്കുന്ന അദ്ദേഹത്തിന്റെ ആ മായാത്ത പുഞ്ചിരി അതീവ ഹൃദയഹാരിയായിരുന്നു. ദിവസേന തന്റെ ഭവനത്തിൽ വിവിധ ആവശ്യങ്ങളുമായെത്തുന്നവർക്കെല്ലാം പുഞ്ചിരിയും മൃദുവചനങ്ങളും സാന്ത്വനം പകർന്നുനല്കി. ആ ഭവനം സന്ദർശിക്കുന്ന ആരെയും അദ്ദേഹത്തിന്റെ അതിരറ്റ ക്ഷമാശീലവും അക്ഷോഭ്യതയും വിനയാതിരേകവും അത്ഭുതപ്പെടുത്തും. ശാന്തനും അക്ഷോഭ്യനുമായി എല്ലാവരുടെയും ആവശ്യങ്ങളും ആവലാതികളും ശ്രദ്ധിച്ചു കേൾക്കുകയും പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുമായിരുന്നു.

> സത്യത്തിൽ, അദ്ദേഹത്തെ മഹാനാക്കിയത് അദ്ദേഹത്തിന്റെ നിർമലവും സ്വച്ഛവും സുതാര്യവും സ്നേഹസമ്പന്നവുമായ സ്വഭാവവും പെരുമാറ്റവുമായിരുന്നു. ഒരിക്കലെങ്കിലും അദ്ദേഹവുമായി ബന്ധപ്പെടാനവസരം ലഭിച്ച ആരും ഈ സ്വഭാവ വൈശിഷ്ട്യത്താൽ സ്വാധീനിക്കപ്പെടാതിരുന്നിട്ടില്ല.


ഒരു 'തങ്ങൾ' (സയ്യിദ്) ആയിരുന്ന അദ്ദേഹത്തിന് *കറാമത്ത്* ഉണ്ടായിരുന്നോ എന്ന് എനിക്കറിഞ്ഞുകൂടാ. അങ്ങനെയുണ്ടായിരുന്നുവെന്ന് വിശ്വസിക്കുന്നവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. അദ്ദേഹത്തിന് വല്ല *കറാമത്തും* (ആത്മീയസിദ്ധി) ഉണ്ടായിരുന്നുവെങ്കിൽ, അത് അദ്ദേഹത്തിന്റെ സ്വഭാവലാളിത്യവും നന്മനിറഞ്ഞ മനസ്സുമായിരുന്നു എന്ന് ഞാൻ പറയും. Charity to all, malice to none (എല്ലാവരോടും ദയാനുകമ്പ, ആരോടും വിദ്വേഷമില്ല) എന്ന ഇംഗ്ലീഷ് പ്രയോഗമായിരിക്കും അദ്ദേഹത്തിന്റെ സ്വഭാവം ചിത്രീകരിക്കാൻ ഏറ്റവും അനുയോജ്യമായതെന്ന് തോന്നുന്നു. ആ പുഞ്ചിരിയും മൃദുമൊഴിയും നാട്യമോ കാപട്യമോ ആയിരുന്നില്ല. ഹൃദയാന്തരാളത്തിൽ നിന്ന് ഉയർന്നുവരുന്ന നിഷ്കളങ്കവും നിഷ്പക്ഷവുമായ സൗമനസ്യ പ്രകടനമായിരുന്നു.

അദ്ദേഹവുമായി ബന്ധപ്പെടുന്ന ഓരോരുത്തനും തോന്നുക, തന്നെയാണ് അദ്ദേഹം മറ്റുള്ളവരെക്കാൾ ഇഷ്ടപ്പെടുന്നത് എന്നായിരിക്കും. അദ്ദേഹത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ താൻ ചെറുതാണ് എന്ന അപകർഷതാബോധം ആർക്കും തോന്നുകയില്ല. താനും അദ്ദേഹത്തെ പോലെ തന്നെ വലിയവനാണ് എന്നേ തോന്നുകയുള്ളൂ. എല്ലാവരെയും തന്നിലേക്കടുപ്പിക്കുകയും തന്റെ ഔന്നത്യത്തിലേക്ക് അവരെ പിടിച്ചുയർത്തുകയും ചെയ്യുന്ന ഒരു വശ്യത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനുണ്ടായിരുന്നു. ഇങ്ങനെ പറയുന്നത്, അത്യുക്തിയോ അതിഭാവുകത്വമോ ആയി കരുതേണ്ട. അനുഭവത്തിൽ നിന്ന് ബോധ്യപ്പെട്ട സത്യമാണത്. എന്നെപ്പോലെ നൂറുകണക്കിൽ, ആയിരക്കണക്കിൽ ആളുകൾക്ക് ഇതേ അനുഭവം തന്നെ ഉണ്ടായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.


എല്ലാ മുസ്‌ലിംവിഭാഗങ്ങളും പ്രസ്ഥാനങ്ങളും സ്വന്തം വീക്ഷണങ്ങളും അഭിപ്രായങ്ങളും വ്യതിരിക്തതയും നിലനിർത്തിക്കൊണ്ടു തന്നെ സമുദായത്തിന്റെ പൊതുനന്മയ്ക്കായി ഐക്യപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഒരു പ്രത്യേക മതവീക്ഷണത്തിന്റെ അനുചരനായിരുന്നു അദ്ദേഹമെങ്കിലും മറ്റെല്ലാ വിഭാഗങ്ങളുമായി ഏറെക്കുറെ സൗമനസ്യത്തോടെയും സൗഹാർദത്തോടെയും തുല്യപരിഗണനയോടും കൂടി വർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. മുസ്‌ലിംസംഘടനകളിൽ ഭിന്നിപ്പുണ്ടായപ്പോഴെല്ലാം അദ്ദേഹം ദു:ഖിച്ചിരുന്നു. മുജാഹിദ്പ്രസ്ഥാനത്തിൽ ദൗർഭാഗ്യകരമായ പിളർപ്പുണ്ടായപ്പോൾ 'മുജാഹിദ് പ്രസ്ഥാനത്തിലും പിളർപ്പോ?' എന്ന് അദ്ദേഹം അത്ഭുതംകൂറിയിട്ടുണ്ടത്രെ! മുജാഹിദ് പ്രസ്ഥാനം കെട്ടുറപ്പുള്ള ഒരു സംഘടനയാണെന്നും അത് ഭിന്നിച്ചുപോകുന്നത് നിർഭാഗ്യകരമാണെന്നുമാണ് അദ്ദേഹം ഉദ്ദേശിച്ചത്. പിളർപ്പിനു
ശേഷം രണ്ട് മുജാഹിദ് ഗ്രൂപ്പു
യും നിഷ്പക്ഷമായി, തുല്യപര
ണനയോടെ കാണാൻ അദ്ദേ
ശ്രദ്ധിച്ചിരുന്നു എന്നാൽ, ഈ
വാരത്തിലേക്കുയരാൻ അദ്ദേഹ
ത്തോടൊപ്പമുണ്ടായിരുന്ന പലർ
സാധിച്ചില്ലെന്ന് മറ്റൊരു കാര്യം.

ശിഹാബ് തങ്ങൾ ജനക്കൂട്ട
ളെ ഇളക്കിമറിക്കാൻ കഴിയുന്ന
ഒരു ഉജ്ജ്വല വാഗ്മിയോ ഒരു
നോട്ടംകൊണ്ടും ഒരു വാക്ക് കെ
ണ്ടും അനുയായികളെ അടക്കി
നിർത്താൻ കഴിയുന്ന ആജ്ഞാ
ക്തിയുടെ ഉടമയോ കൗശലക്കാ
നായ ഒരു രാഷ്ട്രീയ പ്രതിഭയോ
സമർഥനും ശക്തനുമായ ഒരു
ഘാടകനോ ആയിരുന്നുവെന്ന്
ഞ്ഞുകൂടാ. അനിതരമായ സ്വഭാ
മഹിമയും നൈർമല്യവും കൊ
ജനസഹസ്രങ്ങളുടെ ഹൃദയങ്ങ
കീഴടക്കാനും അവരെ തനിക്കു
റ്റും പിടിച്ചുനിർത്താനും അദ്ദേഹ
ത്തിന് കഴിഞ്ഞിരുന്നു. ഇതായിരു
ന്നു തങ്ങളുടെ യഥാർഥ മഹത്വം.

ശിഹാബ് തങ്ങൾ എല്ലാ പോ
രായ്മകളിൽ നിന്നും ദൗർബല്യങ്ങ
ളിൽ നിന്നും മുക്തനായിരുന്നു എന്ന് പറയുന്നില്ല. എല്ലാ കാര്യങ്ങ
ളിലും പരിപൂർണനായി ഒരു മനുഷ്യനും ഉണ്ടാവുകയില്ലല്ലോ. ചില കാര്യങ്ങളിൽ, വിശിഷ്യാ അടിസ്ഥാനപരമായ മതവിശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, അദ്ദേഹം അല്പം കൂടി ധീരവും ദൃഢവും ആദർശബദ്ധവുമായ നിലപാടെടുത്തിരുന്നുവെങ്കിൽ എന്ന് -അദ്ദേഹത്തിന് അതിനുള്ള പരിമിതികളും സാഹചര്യങ്ങളുടെ നിർബന്ധങ്ങളും നന്നായി മനസ്സിലാക്കിക്കൊണ്ടുതന്നെ- പലരും ആഗ്രഹിച്ചുപോയിട്ടുണ്ട്. എന്നാലും ഒരു ടി വി ചാനലിന് അദ്ദേഹം നല്കിയ അഭിമുഖത്തിൽ തനിക്ക് ദിവ്യത്വമൊന്നുമില്ലെന്നും, ജനങ്ങൾക്ക് അവർ ആഗ്രഹിക്കുന്നതുപോലെ ആശ്വാസം കിട്ടുമെങ്കിൽ കിട്ടിക്കൊള്ളട്ടെ എന്ന സദുദ്ദേശം കൊണ്ടു മാത്രമാണ് താൻ ചില കാര്യങ്ങൾ ചെയ്യുന്നതെന്നും അദ്ദേഹം തുറന്നുപറഞ്ഞത് അഭിനന്ദനീയമാണ്. ചില രാഷ്ട്രീയ പ്രശ്നങ്ങളിലും കുറേക്കൂടി അഭിപ്രായദാർഢ്യവും ആജ്ഞാശക്തിയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നുവെങ്കിൽ എന്നും ആശിച്ചുപോയിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ


ശിഹാബ് തങ്ങൾ, അസീസ് മൗലവി, ഹുസൈൻ മടവൂർ, പി മുഹമ്മദ് കുട്ടശ്ശേരി

അദ്ദേഹത്തിന് കഴിഞ്ഞിരുന്നു എന്ന് പറയാതെ വയ്യ. ഉദാഹരണമായി, ബാബരി മസ്ജിദിന്റെ തകർച്ചയെ തുടർന്ന് മുസ്‌ലിംസമൂഹത്തിനുള്ളിലും രാജ്യത്തും ഉടലെടുത്ത സ്ഫോടനാത്മകമായ സാഹചര്യത്തെ മൃദുലമെങ്കിലും ദൃഢമായ വാക്കുകൾ കൊണ്ട് കൈകാര്യം ചെയ്യുകയും വലിയൊരു ദുരന്തം ഒഴിവാക്കുകയും ചെയ്തത് എല്ലാവരുടെയും പ്രശംസയ്ക്ക് പാത്രമായ ഒരു നടപടിയായിരുന്നുവല്ലോ.



വളരെ ഗാഢമായ ബന്ധം അവകാശപ്പെടാനില്ലെങ്കിലും, അദ്ദേഹവുമായി നല്ല പരിചയവും ബന്ധവും നിലനിർത്താൻ എനിക്ക് കഴിഞ്ഞിരുന്നു. അറബി ഭാഷയായിരുന്നു അതിന്റെ ആരംഭത്തിന് നിമിത്തമായത്. ഞാൻ മലപ്പുറം ഗവൺമെന്റ് കോളെജിൽ അധ്യാപകനായിരുന്ന കാലത്ത്, മറ്റൊരാളോടൊപ്പം പാണക്കാട് കൊടപ്പനക്കൽ ഭവനത്തിൽ പോയി അദ്ദേഹത്തെ സന്ദർശിക്കാനിടയായി. അദ്ദേഹം മുസ്‌ലിംലീഗ് പ്രസിഡന്റാകുന്നതിനു മുമ്പായിരുന്നു അത് എന്നാണെന്റെ ഓർമ. വായനയിലും എഴുത്തിലുമൊക്കെ മുഴുകിക്കഴിഞ്ഞിരുന്ന കാലം. വീട്ടിലെ മുകളിലെ തന്റെ മുറിയിൽ ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി ഇരുത്തി. അവിടെ നിറയെ പുസ്തകങ്ങളും മാസികകളുമായിരുന്നു. അതിൽ നിന്നും ചില അറബി മാസികകൾ ഞാൻ എടുത്തുനോക്കുന്നത് കണ്ടപ്പോൾ, വേണമെങ്കിൽ ആവശ്യമുള്ളത് എടുത്തുകൊണ്ടുപോയി വായിച്ചു തിരിച്ചുതന്നാൽ മതിയെന്ന് അദ്ദേഹം പറഞ്ഞു. കുവൈത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന *അൽമുജ്തമഅ്, അൽബലാഗ്* എന്നീ മാസികകളുടെ ചില കോപ്പികൾ അദ്ദേഹം എനിക്ക് തരികയും, ഞാനത് വായിച്ച് പിന്നീട് തിരിച്ചുകൊടുക്കുകയും ചെയ്തു. ഇന്ന് ഇതൊരു വലിയ കാര്യമല്ലെങ്കിലും, അറബി പ്രസിദ്ധീകരണങ്ങൾ നമ്മുടെ നാട്ടിൽ അധികം ലഭ്യമല്ലാതിരുന്ന അക്കാലത്ത് തങ്ങൾ വായിക്കാൻ തന്ന മാസികകൾ വളരെ അമൂല്യമായാണ് എനിക്ക് തോന്നിയത്. പിന്നീട് പലപ്പോഴും അദ്ദേഹത്തെ കാണാനും സംസാരിക്കാനും അവസരം ലഭിച്ചിട്ടുണ്ട്. പില്ക്കാലത്ത് മുജാഹിദ് പ്രശ്നമടക്കമുള്ള പൊതുകാര്യങ്ങൾ ചർച്ചചെയ്യാൻ വേണ്ടി അദ്ദേഹത്തെ സന്ദർശിക്കാനും ആശയവിനിമയം നടത്താനും കഴിഞ്ഞു. ഒരിക്കൽ കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ നടന്ന ഒരു അറബിക് സെമിനാറിന് ഞങ്ങൾ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. അദ്ദേഹം അവിടെ നടത്തിയ വിജ്ഞാനപ്രദവും സുന്ദരവുമായ അറബി പ്രസംഗം ഇപ്പോഴും ഓർമയിൽ പച്ചപിടിച്ചുനില്ക്കുന്നു. അറബി ഭാഷയിൽ പ്രസംഗിക്കുന്നത് കേൾക്കുമ്പോഴെല്ലാം മലയാളത്തിൽ പ്രസംഗിക്കുന്നതിനെക്കാൾ എത്രയോ നന്നാകുമായിരുന്നു എന്ന് തോന്നിയിട്ടുണ്ട്. ഇംഗ്ലീഷിലും അദ്ദേഹം നന്നായി പ്രസംഗിക്കുമെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്.

എല്ലാ മുസ്‌ലിംവിഭാഗങ്ങളും പ്രസ്ഥാനങ്ങളും സ്വന്തം വീക്ഷണങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ സമുദായത്തിന്റെ പൊതുനന്മയ്ക്കായി ഐക്യപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പ്രത്യേക മത വീക്ഷണത്തിന്റെ അനുചരനായിരുന്നു അദ്ദേഹമെങ്കിലും മറ്റെല്ലാ വിഭാഗങ്ങളുമായി ഏറെക്കുറെ സൗമനസ്യത്തോടെയും സൗഹാർദത്തോടെയും തുല്യപരിഗണനയോടും കൂടി വർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. മുസ്‌ലിംസംഘടനകളിൽ ഭിന്നിപ്പുണ്ടായപ്പോഴെല്ലാം അദ്ദേഹം ദു:ഖിച്ചിരുന്നു.

എഴുത്തും വായനയുമൊക്കെ വളരെയേറെ ഇഷ്ടപ്പെട്ടിരുന്ന ആ വിജ്ഞാനദാഹിയെ തന്റെ പാണ്ഡിത്യവും സാഹിത്യാഭിരുചിയുമൊന്നും വേണ്ട വിധത്തിൽ ഉപയോഗിക്കാനും സമൂഹത്തിന് ഉപയോഗപ്പെടുത്താനും സാഹചര്യങ്ങൾ അനുവദിച്ചില്ല. രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തനങ്ങളുടെ തിരക്കില്ലായിരുന്നുവെങ്കിൽ അദ്ദേഹം എണ്ണപ്പെട്ട ഒരു എഴുത്തുകാരനും സാഹിത്യകാരനുമാകുമായിരുന്നു എന്ന് തോന്നുന്നു. ആദ്യകാലത്ത് അദ്ദേഹം മലയാളത്തിലും അറബിയിലും ധാരാളം എഴുതിയിരുന്നു. ധാരാളം സൽഗുണങ്ങൾ നിറഞ്ഞ, വിശിഷ്യാ തനിക്കു ചുറ്റും നന്മയുടെയും സൽസ്വഭാവത്തിന്റെയും പൊൻവെളിച്ചം സദാ പ്രസരിപ്പിച്ചുകൊണ്ടിരുന്ന ആ നല്ല മനുഷ്യന്റെ വേർപാട് സമുദായത്തിനും സമൂഹത്തിനും പെട്ടെന്നൊന്നും നികത്താൻ കഴിയാത്ത ഒരു നഷ്ടം തന്നെയാണ്. അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങൾക്കും സൽകർമങ്ങൾക്കും അർഹമായ പ്രതിഫലം നല്കുകയും തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും പരലോകജീവിതം ധന്യമാക്കിത്തീർക്കുകയും ചെയ്യട്ടെ! •



# പൊലിഞ്ഞത് ഐക്യത്തിന്റെ സാരഥി

ഓർമ

എം ഐ തങ്ങൾ

നേതൃത്വം സമൂഹത്തിന് അല്ലാഹു നല്കുന്ന അനുഗ്രഹമാണ്, അവന്റെ കരുണാകടാക്ഷമാണ്. നദ്‌വി സാഹിബ് മരിക്കുന്നതിന് കുറച്ച് മുമ്പ് മുംബൈയിൽ നടത്തിയ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു; മുസ്‌ലിംകളുടെ ഏറ്റവും വലിയ പ്രശ്നം അവർക്ക് സർവ സമ്മതനായ ഒരു നേതാവില്ലാത്തതാണ് എന്ന്. സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യൻ മുസ്‌ലിംകളനുഭവിച്ച ദാരിദ്ര്യങ്ങളിൽ ഏറ്റവും പ്രധാനം ഈ രംഗത്ത് വിഭജനം സൃഷ്ടിച്ച അഭാവമായിരുന്നു. പെട്ടെന്നല്ലെങ്കിലും പതുക്കെ പതുക്കെ ഈ അഭാവം നികത്താൻ നേതൃത്വത്തിൽ കയറിപ്പറ്റിയവർ മിക്കവരും ദുർബലരും വ്യാജന്മാരുമായിരുന്നു. സമുദായത്തെ കച്ചവടക്കണ്ണോടെ കണ്ട ഈ ആളുകൾ നേതൃദാരിദ്ര്യത്തേക്കാൾ ഭീകരമായ നാശമാണ് സമുദായത്തിൽ കഴിഞ്ഞ കാലങ്ങളിൽ വിതച്ചുപോന്നത്.

ഐക്യത്തിന്റെ ഭാഷ സംസാരിക്കുകയും ഐക്യത്തിന് സമുദായത്തിന്റെ നിലനില്പും ക്ഷേമവും എന്ന് അർഥം മനസ്സിലാക്കുകയും അത് പറയുകയും ചെയ്ത നേതാക്കന്മാരുണ്ടായിരുന്നു നമുക്ക്. സീതി സാഹിബും ബാഫഖി തങ്ങളും സി എച്ചും പോലെയുള്ളവർ. അവരിലെ അവസാനത്തെ കണ്ണിയായിരുന്നു ശിഹാബ് തങ്ങൾ.

യാതൊരു പ്രതിബദ്ധതയും സ

മുദായത്തോടും രാജ്യത്തോടും ഉ
ല്ലാത്ത ഇവരുടെ പൂർണ പ്രതാപ
പ്രത്യക്ഷപ്പെടാറ് തെരഞ്ഞെടുപ്പുക
ൾ ആസന്നമാകുമ്പോഴാണ്, മുസ
ലിംവോട്ടുകൾ കച്ചവടം ചെയ്യാൻ
ബാബ്‌രിപ്പള്ളി തകർച്ചാകാലത്ത
അത് സംരക്ഷിക്കാൻ ഉണ്ടാക്കിയ
രു കമ്മറ്റി മൂന്നായി പിരിയുകയു
തമ്മിൽ തല്ലുകയും ചെയ്യുന്നതിന്
ടക്കാണ് പള്ളി ഫാസിസ്റ്റുകൾ
പൊളിച്ചത്. അന്ന് അലിഗർ മുസ്‌ലി
സർവകലാശാലയിലെ വിദ്യാർഥി
കൾ ഈ നേതാക്കന്മാരോട് ചോദി
ച്ചു: ഇനിയെങ്കിലും സമുദായത്തിന്റെ
പിടലിയിൽ നിന്ന് ഇറങ്ങിപ്പോക
രുതോ?

സാമാന്യമായ ഈ നേതൃദാരിദ്ര്യ
ത്തിൽ നിന്ന് എന്നും ഒഴിഞ്ഞുനിന്നി
രുന്ന ഒരു സംസ്ഥാനമാണ് കേരളം.
മിക്കവാറും എല്ലാ കാര്യങ്ങളിലും നൂ
റു കൂട്ടം അഭിപ്രായം വെച്ചുപുലർ
ത്തുന്നവരാണ് കേരള മുസ്‌ലിംകൾ.
മതത്തിലെ അഭിപ്രായ ഭിന്നതക

തങ്ങൾക്കെന്നും ഇഷ്ടപ്പെട്ട വിഷയമായിരുന്നു. മിഡിൽഈസ്റ്റ് രാഷ്ട്രീയവും അറബി ആധുനികസാഹിത്യവും പഴയ ഹിന്ദി പാട്ടുകളോടുള്ള കമ്പവും ഭംഗിയുള്ള പൂക്കളോടും പ്രകൃതിയോടുമുള്ള അനുരാഗവും നർമം കലർന്ന സംസാരവും കൂടെ കൊണ്ടുനടന്ന തങ്ങൾ ബഹുമുഖമായ ഒരു വ്യക്തിത്വത്തിന്നുടമയായിരുന്നു.

രാഷ്ട്രീയത്തിലെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് വായന കൂടാതെ അദ്ദേഹത്തിനിഷ്ടപ്പെട്ട കാര്യം എഴുത്തായിരുന്നു. ഒട്ടനവധി ലേഖനങ്ങൾ അക്കാലത്തദ്ദേഹം ആനുകാലികങ്ങളിൽ എഴുതിയിരുന്നു. മലയാളത്തിൽ മാത്രമല്ല, ഇംഗ്ലീഷിലും അറബിയിലും. ഒരിക്കൽ താഷ്കന്റ് റേഡിയോ നടത്തിയ ഒരു ലേഖനമത്സരത്തിൽ തങ്ങൾ പങ്കെടുത്ത് സമ്മാനിതനായതോർക്കുന്നു. മിക്കവാറും എഴുത്തിന് വിധേയമാക്കിയിരുന്ന വിഷയങ്ങൾ മധ്യപൂർവ ദേശരാഷ്ട്രീയം തന്നെ ആയിരുന്നു. ഗൃഹാതുരത്വത്തോടെ ഈജിപ്തുമായി അദ്ദേഹം പുലർത്തിയിരുന്ന ബന്ധം അക്കാലത്തെ രചനകളിൽ കാണാൻ കഴിയുമായിരുന്നു.

തങ്ങൾ മലയാളത്തിൽ ഒരു നല്ല പ്രഭാഷകനായിരുന്നില്ല. വളരെ പതുക്കെ എന്ന് പറഞ്ഞാൽ മൗനത്തോടടുക്കുന്ന ശബ്ദത്തിൽ ശ്രോതാക്കളെ 'സഹോദരന്മാരേ' എന്ന് സംബോധന ചെയ്തുകൊണ്ട് തനിക്ക് പറയാനുള്ള കാര്യങ്ങൾ സംക്ഷിപ്തമായി പറയുക എന്നതായിരുന്നു രീതി. എന്നാൽ ജനങ്ങളത് അദ്ദേഹം പറയുന്ന ഗൗരവത്തോടെതന്നെ കേൾക്കുമായിരുന്നു. വിമർശനമോ ഖണ്ഡനമോ വാഗ്ദാനങ്ങളോ മേനി പറയലോ ഭീഷണിയോ പരിഹാസമോ ഒന്നും അതിന്നകത്ത് കാണില്ല. ഐക്യം, സമാധാനം, സംസ്കാരം എന്നിവയിലായിരിക്കും ഊന്നൽ. രാജ്യവും സമുദായവും ആയിരിക്കും പ്രധാന കഥാപാത്രങ്ങൾ.

രാഷ്ട്രീയത്തിലെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് വായന കൂടാതെ അദ്ദേഹത്തിനിഷ്ടപ്പെട്ട കാര്യം എഴുത്തായിരുന്നു. ഒട്ടനവധി ലേഖനങ്ങൾ അക്കാലത്തദ്ദേഹം ആനുകാലികങ്ങളിൽ എഴുതിയിരുന്നു. മലയാളത്തിൽ മാത്രമല്ല, ഇംഗ്ലീഷിലും അറബിയിലും. ഒരിക്കൽ താഷ്കന്റ് റേഡിയോ നടത്തിയ ഒരു ലേഖനമത്സരത്തിൽ തങ്ങൾ പങ്കെടുത്ത് സമ്മാനിതനായതോർക്കുന്നു. മിക്കവാറും എഴുത്തിന് വിധേയമാക്കിയിരുന്ന വിഷയങ്ങൾ മധ്യപൂർവ ദേശരാഷ്ട്രീയം തന്നെ ആയിരുന്നു.

അറബിഭാഷയിലും ഇംഗ്ലീഷിലും തങ്ങൾ മലയാളത്തിലേറെ വാചാലമായി പ്രസംഗിക്കുമായിരുന്നു. കുറേക്കൂടി ഗഹനമായ വിഷയങ്ങൾ സദസ്സിനനുസരിച്ച് സ്പർശിച്ചുകൊണ്ട് നടത്തുന്ന പ്രസംഗങ്ങളായിരിക്കും അവ. തങ്ങളുടെ പാണ്ഡിത്യം പ്രകടമാവുക ഈ ഭാഷകളിൽ നടത്തുന്ന പ്രസംഗങ്ങളിലാണെന്നതാണനുഭവം. സാധാരണ സദസ്സുകളിൽ തന്നെ കാണാനും കേൾക്കാനുമെത്തുന്ന സാധാരണക്കാരുടെ ജീവിതത്തിന് സഹായകമാവുന്നതും സാധാരണ അവരോടാരും പറയാത്തതും എന്നാൽ അവർ കേൾക്കാൻ ഇഷ്ടപ്പെടുന്നതുമായ സ്നേഹഗീതികളാണ് തങ്ങൾ കേൾപ്പിക്കാറ്. മറ്റു ഭാഷകളിൽ നടത്തുന്ന പ്രസംഗത്തിന്റെ സദസ്സുകളിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി പ്രസംഗിക്കുമ്പോൾ അവിടെ അദ്ദേഹം തന്റെ വ്യക്തിത്വത്തിന്റെ വേറൊരു തലം പ്രകാശിപ്പിക്കുകയാണ് ചെയ്യാറ്. ഇവയിൽ ആകർഷണീയമായി പലപ്പോഴും തോന്നിയിട്ടുള്ളത് സാധാരണക്കാരുടെ സദസ്സുകളിലെ തങ്ങളുടെ പ്രകടനങ്ങളാണ്. കാരണം തങ്ങളിലെ മനുഷ്യസ്നേഹിയുടെ സ്നേഹതേജസ്സ് ആവിഷ്കരിക്കപ്പെട്ടിരുന്നത് ഈ സദസ്സുകളിലെ മൃദുഭാഷണങ്ങളിലായിരുന്നു.

തങ്ങളുടെ നിര്യാണത്തിലനുശോചിച്ച രാഷ്ട്രപതിയും പ്രധാനമന്ത്രിയും ആന്റണിയും അച്ചുതാനന്ദനും പിണറായിയും ബി ജെ പി നേതാക്കളും ക്രിസ്തീയ മതാധ്യക്ഷന്മാരും ഒക്കെ ഒരേ സ്വരത്തിൽ പറഞ്ഞ കാര്യം, മതേതരത്വത്തിന്റെ സംരക്ഷണത്തിന് തങ്ങൾ ചെയ്ത മഹത്തായ സേവനത്തെക്കുറിച്ചായിരുന്നു. മാധ്യമങ്ങൾ മുഴുക്കെ ഉയർത്തിപ്പിടിച്ചത് ഇക്കാര്യമായിരുന്നു. ഒരുപക്ഷേ സമീപകാലത്ത് സി എച്ചിന് മാത്രമേ മുസ്‌ലിംസമുദായത്തിൽ ഈ തൊപ്പി നേടാൻ കഴിഞ്ഞിട്ടുള്ളൂ. ബാബരി പ്പള്ളി തകർത്ത സന്ദർഭത്തിൽ വിദേശ രാജ്യങ്ങളിൽപോലും പ്രശ്നങ്ങളുണ്ടായ



തങ്ങൾ എ കെ ആന്റണിയോടൊപ്പം